# കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്

നമ്പർ: ഡി.പി.സി III/ മോഡൽസെക്ഷൻ/2011

ബോർഡ് സെക്രട്ടേറിയറ്റ്,
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം,
തീയതി : 06/08/2011.

## സർക്കുലർ

വിഷയം: മോഡൽസെക്ഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന: 1. ബി.ഒ നമ്പർ 1460/2009(സി.പി/ആർ&പി/പിഎൽ.ജി/04.06.2009

2. ബി.ഒ നമ്പർ 3122/2010(സി.പി/ആർ&പി/പിഎൽ.ജി/2.12.2010

3. ബി.ഒ നമ്പർ 1187/2010(സി.പി/ആർ&പി/പി.എൽ.ജി.മോഡൽസെക്ഷൻ/ 11.05.2010

ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സൂചനയിൽ രണ്ടാമതായി പരാമർശിച്ചിട്ടുള്ള ബോർഡ് ഓർഡർപ്രകാരം നിലവിലുണ്ടായിരുന്ന 665 സെക്ഷൻ ഓഫീസുകളും 2011 ജനുവരി 1 മുതൽ മോഡൽ സെക്ഷനുകളാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് മോഡൽ സെക്ഷനുകളിലെ ജീവനക്കാരെ ബ്രേക്ക് ഡൗൺവിംഗ്, മെയിന്റനൻസ് ആന്റ് ക്യാപ്പിറ്റൽ വർക്ക് വിംഗ്, റവന്യൂ വിംഗ് എന്നീ മൂന്ന് വിഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്.

മോഡൽ സെക്ഷനുകളുടെ രൂപീകരണത്തിനുശേഷം ഉപഭോക്താക്കളിൽ നിന്നും ബോർഡ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിട്ടുള്ള വിലയിരുത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തി നടപ്പാക്കേണ്ടതാണ്:

1. സൂചന (3)ൽ പരാമർശിച്ചിരിക്കുന്ന ഓർഡർപ്രകാരം ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും അനുവദിച്ചിട്ടുള്ള വാഹനം ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ അത്യാവശ്യ ഔദ്യോഗിക ഉപയോഗത്തിനും സെക്ഷനിലെ മൂന്നു വിഭാഗത്തിന്റെയും സുഗമമായ പ്രവർത്തനത്തിനുമായും ഉപയോഗിക്കേണ്ടതാണ്. എന്നാൽ ചില സെക്ഷനുകളിൽ ഫ്യൂസ് ഓഫ് കാളുകളും ബ്രേക്ക് ഡൗണുകളും പരിഹരിക്കാൻ ബ്രേക്ക് ഡൗൺ വിംഗിലെ ജീവനക്കാർ കൂട്ടമായി സെക്ഷനിലെ വാഹനത്തിൽ പോകുന്നതുമൂലം പരാതികൾ യഥാസമയം പരിഹരിക്കാൻ കാലതാമസം നേരിടുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ ഒരേ സമയം പരിഹരിക്കുന്നതിനായി ബ്രേക്ക് ഡൗൺ വിഭാഗത്തിൽ തൽസമയം ഡ്യൂട്ടിയിലുള്ള സ്റ്റാഫിനെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പരാതി പരിഹരിക്കുവാൻ അയക്കേണ്ടതാണ്. പ്രധാനപ്പെട്ട ബ്രേക്ക്ഡൗണുകൾ പരിഹരിക്കുന്നതിനും രാത്രികാലങ്ങളിലെ വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനും ഓഫീസിലെ വാഹനസൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ബ്രേക്ക് ഡൗൺ വിംഗിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

2. ബ്രേക്ക് ഡൗൺ വിംഗ്, മെയിന്റനൻസ് ആന്റ് ക്യാപ്പിറ്റൽ വർക്ക് വിംഗ് എന്നിവയുടെ പ്രവർത്തനങ്ങൾ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ വൈദ്യുത തടസ്സങ്ങളും അപകടങ്ങളും പരമാവധി കുറയ്ക്കാൻ സാധിക്കും. ആയതിനാൽ മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം ബ്രേക്ക് ഡൗണുകളുടേയും ഫ്യൂസ് ഓഫ് കാളുകളുടേയും അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതാണ്. മെയിന്റനൻസ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനം മൂലം ദൈനംദിനം ഉണ്ടാകുന്ന ബ്രേക്ക് ഡൗണുകളുടേയും ഫ്യൂസ് ഓഫ് കാളുകളുടേയും എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

എല്ലാ സെക്ഷനുകളിലും മെയിന്റനൻസ് പ്ലാൻ പ്രകാരം മുൻകൂട്ടി പ്രതിമാസമെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കേണ്ടതും, സൂചന ഒന്നാമതായി കാണിച്ചിട്ടുള്ള ബോർഡ് ഓർഡർ പ്രകാരമുള്ള അറ്റകുറ്റ പണികൾ നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ഓരോ മാസത്തിലും പൂർത്തീകരിച്ച മെയിന്റനൻസ് ജോലിയുടെ വിവരങ്ങൾ ഡിവിഷൻഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, എക്സിക്യൂട്ടിവ് എഞ്ചിനീയർ ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി സെക്ഷനിലെ ബ്രേക്ക് ഡൗണിന്റെയും ഫ്യൂസ്ഓഫ് കാളുകളുടേയും എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുമാണ്. ഇതിനായി സെക്ഷൻ ഓഫീസിൽ നിന്നും എല്ലാമാസവും റിപ്പോർട്ടു ചെയ്യുന്ന (ബോർഡ് ഓർഡർ **No.2377/2010 (KSEB/TRAC/SOPR/2005/G/R2 dated 09.09.2010** പ്രകാരമുള്ള) **"**ലെവൽ ഓഫ് പെർഫോമൻസ്**"** വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഇവ പരിശോധിച്ച് മെയിന്റനൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരുടെ സെക്ഷൻ ഓഫീസ് പരിശോധനാവേളയിൽ **"**ലെവൽ ഓഫ് പെർഫോമൻസ്**"** രേഖകൾ കൂടി പരിശോധിക്കേണ്ടതും സെക്ഷനോഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സെക്രട്ടറി

**പകർപ്പുകൾ അയയ്ക്കുന്നത്:**
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും (ഡിസ്ട്രിബ്യൂഷൻ) /
ചീഫ് വിജലൻസ് ആഫീസർ /ഫിനാൻഷ്യൽ അഡ്വൈസർ /ചീഫ് ഇന്റേണൽ ആഡിറ്റർ,
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും (ഡിസ്ട്രിബ്യൂഷൻ)
എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്കും
എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്കും
എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
പേഴ്സണൽ ആഫീസർ, പബ്ലിക് റിലേഷൻസ് ആഫീസർ, ലീഗൽ അഡ്വൈസർ
റ്റി.എ.ടു ചെയർമാൻ / മെമ്പർ (ജനറേഷൻ) / മെമ്പർ (ഡിസ്ട്രിബ്യൂഷൻ) /
മെമ്പർ (ട്രാൻസ്മിഷൻ) /പി.എ. ടു മെമ്പർ ഫിനാൻസ് / സെക്രട്ടറി /
ഫെയർ കോപ്പി സൂപ്രണ്ട്, സ്റ്റോക്ക് ഫയൽ